# MATHRUBHUMI - 13-03-2025

## സിഫ്റ്റ് സൗജന്യ സംരംഭക സെമിനാർ

കൊച്ചി ▸ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗത്തിന്റെ നേതൃത്വത്തിൽ അക്വാബിസ് എന്ന പേരിൽ ഏകദിന സൗജന്യ സംരംഭക സെമിനാർ സംഘടിപ്പിക്കും. 18-ന് രാവിലെ 9-ന് കൊച്ചിയിലെ പനമ്പിള്ളി നഗറിലുള്ള ഹോട്ടൽ അവന്യൂ സെന്ററിലാണ് സെമിനാർ. ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി അഗ്രി ഇന്നൊവേറ്റ് ഇന്ത്യ, ഐസിഎആർ, ഐപി ആൻഡ് ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡിവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ചാണ് സെമിനാർ സംഘടിപ്പിക്കുന്നത്. ഐസിഎആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. സമുദ്രോത്പന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, മത്സ്യമേഖലയുമായി ബന്ധമുള്ളവർ, സംരംഭകർ എന്നിവർക്കെല്ലാം സെമിനാറിൽ പങ്കെടുക്കാം. സിഫ്റ്റ് വെബ്സൈറ്റ് വഴിയോ, മെയിൽ ഐഡി വഴിയോ രജിസ്റ്റർ ചെയ്ത് സെമിനാറിൽ പങ്കെടുക്കാം. ztmcfisheries@gmail.com.